**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6611** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഇന്നോവേറ്റിവ് മാർക്കറ്റിംഗ് കാമ്പയ്ൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭകർക്കും സ്റ്റേക്ക് ഹോൾഡേഴ്സിനും ടൂറിസം മേഖലയിലെ മാറ്റങ്ങൾ പരിചയപ്പെടുത്തുന്നതിന് ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ സംരംഭകരേയും സ്റ്റേക്ക് ഹോൾഡേഴ്സിനെയും പങ്കെടുപ്പിച്ചുകൊണ്ട് നിശ്ചിത ഇടവേളകളിൽ കൂടുന്ന മീറ്റിംഗുകളിൽ ടൂറിസം മേഖലയിലെ പുതിയ മാറ്റങ്ങളേയും പുതിയ മാർക്കറ്റിംഗ് രീതികളേയും കുറിച്ച് ആശയ വിനിമയം നടത്താറുണ്ട്. കൂടാതെ ടൂറിസം അഡ്വൈസറി കൗൺസിലും ഇത്തരം യോഗങ്ങൾ നടത്താറുണ്ട്. ഇതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ട്. |
| (ബി) | സ്റ്റേക്ക് ഹോൾഡർമാർ നേരിടുന്ന വെല്ലുവിളികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ജില്ലാ തലങ്ങളിലും സംസ്ഥാന തലങ്ങളിലും സെല്ലുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ടൂറിസം മേഖലയിലെ സ്റ്റേക്ക് ഹോൾഡർമാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗം കൂടാറുണ്ട്. കൂടാതെ ടൂറിസം രംഗത്ത് രൂപീകരിച്ചിട്ടുള്ള അഡ്വൈസറി കൗൺസിൽ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. ആയതുകൊണ്ട് തന്നെ ജില്ലാ തലങ്ങളിലും സംസ്ഥാന തലങ്ങളിലും സെല്ലുകൾ രൂപീകരിക്കേണ്ട ആവശ്യകത നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വേനൽക്കാല സമയത്ത് ഗൾഫ് രാജ്യങ്ങളിലെ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി ഇന്നോവേറ്റിവ് മാർക്കറ്റിംഗ് കാമ്പയ്ൻ നടന്നുവരുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (സി) | ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പ് വിവിധ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗൾഫ് രാജ്യങ്ങളിലെ സമ്മർ സീസണുകളിൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരളത്തിലെ മൺസൂൺ സീസൺ കേന്ദ്രീകരിച്ച് വിവിധ പ്രചരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് മിഡിൽ ഈസ്റ്റ് |

| | | | |
|---|---|---|---|
| | | | നഗരങ്ങളായ Riyad, Damam, Muscat എന്നിവിടങ്ങളിൽ B2B Meets സംഘടിപ്പിക്കുകയും അന്താരാഷ്ട്ര മേളയായ ATM Dubai- ൽ പങ്കെടുക്കുകയും ചെയ്തിരുന്നു.<br><br>ഇതോടൊപ്പം തന്നെ ശ്രദ്ധേയമായ പ്രമോഷനുകളിലൂടെ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിവരുന്നു. |
| (ഡി) | പ്രസ്തുത കാമ്പയ്ൻ വിവിധ യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി International Campaign-EUROPE 2023 എന്ന പദ്ധതി ആവിഷ്കരിച്ച് റേഡിയോ, അച്ചടിമാധ്യമങ്ങൾ, OTT platform, സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെയും നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ, യൂട്യൂബ്, ഗൂഗിൾ ആഡ്സ് എന്നിവയിലൂടെയും പ്രചാരണം നൽകിവരുന്നു.<br><br>കൂടാതെ ഇംഗ്ലണ്ട്, സ്പെയിൻ, ജർമ്മനി എന്നീ രാജ്യങ്ങളിൽ എല്ലാ വർഷവും നടക്കാറുള്ള WTM London, Fitur Madrid, ITB Berlin തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ കേരളത്തിലെ സംരംഭകരോടൊപ്പം വിനോദസഞ്ചാര വകുപ്പ് പങ്കെടുക്കുകയും കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് യൂറോപ്യൻ നഗരങ്ങളായ Hamburg, Berlin, Barcelona, Milan, Paris, London, Prague, Vienna എന്നീ അന്താരാഷ്ട്ര നഗരങ്ങളിൽ B2B Meets സംഘടിപ്പിക്കുകയും ചെയ്തിരുന്നു |

സെക്ഷൻ ഓഫീസർ